# 70. ബ്ളെയ്ഡ് കമ്പനികളെപ്പറ്റി വീണ്ടും

ഷഷ്ടിപൂർത്തികൂടി കഴിഞ്ഞപ്പോൾ കൃഷ്ണപ്പണിക്കർക്കു തോന്നി: ഇനി തലയോലപ്പറമ്പിൽ ഒറ്റയ്ക്കു താമസിക്കുന്നതിൽ അർത്ഥമില്ല. പുത്രന്മാരിൽ ഒരാൾ സൗദി അറേബ്യയിലും മറ്റേ ആൾ ബോംബെയിലുമാണ്. അവരിൽ ഒരാളോടൊപ്പം പോയി പാർക്കാൻ തനിക്ക് ആവില്ല. പക്ഷേ, ബാംഗ്ളൂരിലുള്ള പുത്രിയോടൊപ്പം ഇനിയങ്ങോട്ടുള്ള ജീവിതം കഴിച്ചുകൂട്ടുന്നതിൽ തെറ്റൊന്നുമില്ല. മൂന്നു കിടപ്പുമുറികളുള്ള നല്ലൊരു ഫ്ളാറ്റ് മകളുടെ ഭർത്താവിനു സ്വന്തമായിട്ടുണ്ട്. പേരക്കിടാങ്ങളുടെ പഠിപ്പിനു മുത്തച്ഛന്റെ സാന്നിദ്ധ്യം വളരെ പ്രയോജനപ്പെടുമെന്നും അതിനാൽ താൻ അങ്ങോട്ടു താമസം മാറ്റണമെന്നും മകൾ എഴുതാൻ തുടങ്ങിയിട്ടു കാലം കുറെയായിരുന്നു.

ഹൃദയവേദനയോടെയാണെങ്കിലും തലയോലപ്പറമ്പിലെ തറവാട്ടുവീട് കൃഷ്ണപ്പണിക്കർ വിറ്റു. രണ്ടു ലക്ഷം രൂപ കിട്ടി. ഒരു ലക്ഷമേ തീറാധാരത്തിൽ കാണിച്ചുള്ളു. എന്തിനു മുദ്രപ്പത്രവില ചുമ്മാ വർദ്ധിപ്പിച്ച് സർക്കാരിനു വരുമാനമുണ്ടാക്കിക്കൊടുക്കുന്നു? വീട്ടിലുണ്ടായിരുന്ന കട്ടിൽ, മേശ, കസേര, പത്തായം മുതലായ പഴയ മരസ്സാമാനങ്ങളും ഏതാനും പാത്രങ്ങളും വിറ്റപ്പോൾ അയ്യായിരം രൂപയോളം സമ്പാദ്യമുണ്ടായി. എല്ലാം കൈയിലെടുത്ത് പിറന്നു വളർന്ന നാടിനോടു വിടപറഞ്ഞ് കൃഷ്ണപ്പണിക്കർ ബാംഗ്ളൂരിലെത്തി.

പണം കൈവിടാൻ കൃഷ്ണപ്പണിക്കർക്ക് മനസ്സുണ്ടായിരുന്നില്ല. മകൾ തന്നോട് അഹിതം പറയുകയില്ലായിരിക്കാം. പക്ഷേ, മകളുടെ ഭർത്താവിന്റെ മനസ്സിനു മാറ്റം വന്നുകൂടെന്നില്ലല്ലോ. അതിനാൽ എപ്പോഴെങ്കിലും മാറിത്താമസിക്കേണ്ടിവന്നാൽ താൻ തീരെ നിരാധാരനാകാതിരിക്കാൻവേണ്ടി, കൈയിലുള്ള പണം സ്വന്തം പേരിൽ നിക്ഷേപിക്കാൻ കൃഷ്ണപ്പണിക്കർ തീരുമാനിച്ചു. നിക്ഷേപിച്ച ശേഷമാവാം വിവരം മകളോടും മരുമകനോടും പറയുന്നത്. എവിടെ നിക്ഷേപിക്കണം? ദേശസാൽകൃതബാങ്കുകളുണ്ട്. ദേശസാൽക്കരിക്കാത്ത ബാങ്കുകളുമുണ്ട്. രണ്ടിലായാലും വ്യത്യാസമൊന്നുമില്ല. മൂന്നോ അധികമോ വർഷത്തേക്കു ഫിക്സഡ് ഡെപ്പോസിറ്റായി നിക്ഷേപിച്ചാൽ പതിനൊന്നോ പന്ത്രണ്ടോ ശതമാനം പലിശ കിട്ടും. പണം ഭദ്രമായി ഇരിക്കുകയും ചെയ്യും.

അപ്പോഴാണ് വീടു വിറ്റുകിട്ടിയ തുകയുടെ പകുതിമാത്രം ആധാരത്തിൽ കാണിച്ചത് അബദ്ധമായെന്ന് കൃഷ്ണപ്പണിക്കർക്കു മനസ്സിലായത്. ബാങ്കിൽ നിക്ഷേപിച്ച പണം എവിടെനിന്നു കിട്ടിയെന്ന് ആദായനികുതിക്കാർ അന്വേഷിച്ചുകൂടായ്കയില്ല. സത്യം തുറന്നുപറഞ്ഞാൽ മുദ്രപ്പത്രവില കുറച്ച് സർക്കാരിനെ വഞ്ചിച്ച കുറ്റം തന്റെ തലയിൽ ചുമത്തപ്പെട്ടേക്കാം. മാത്രമല്ല, താൻ പറയുന്നതു മറ്റുള്ളവർ വിശ്വസിച്ചുകൊള്ളണമെന്നുമില്ല. ഒരു മകൻ സൗദിഅറേബ്യയിലാണല്ലോ. വല്ല കുഴൽപ്പണം ഇടപാടിലും തനിക്കു പങ്കാളിത്തമുണ്ടെന്ന് അധികൃതർ സംശയിച്ചുകൂടായ്കയില്ല.

അതിനാൽ മുഴുവൻ പണവും ബാങ്കിൽ നിക്ഷേപിക്കാൻ പറ്റില്ല. പിന്നെ എവിടെ നിക്ഷേപിക്കാം? അങ്ങനെ അന്വേഷിച്ചപ്പോഴാണ് 'ഫിനാൻസ് ആൻഡ് ഇൻവെസ്റ്റ്മെൻറ്' എന്ന പൊതുപ്പേരിൽ നടത്തപ്പെടുന്ന എത്രയോ കമ്പനികൾ ബാംഗ്ളൂരിലുള്ള വസ്തുത കൃഷ്ണപ്പണിക്കർക്കു മനസ്സിലായത്. അവയിൽ ഏറ്റവും മികച്ചതെന്നു കരുതപ്പെട്ടിരുന്ന കമ്പനിയിലേക്കുതന്നെ കൃഷ്ണപ്പണിക്കർ ചെന്നു. കൂറ്റൻ കെട്ടിടം. എത്രയോ ജോലിക്കാർ. ധാരാളം ഇടപാടുകാർ. ഇവിടെ തന്റെ പണം സുരക്ഷിതമായിരിക്കുമെന്ന കാര്യത്തിൽ കൃഷ്ണപ്പണിക്കർക്കു സംശയമുണ്ടായിരുന്നില്ല.

കൃഷ്ണപ്പണിക്കർ കമ്പനിയുടെ മാനേജരെ കണ്ടു. പലതരം നിക്ഷേപ സമ്പ്രദായങ്ങളെപ്പററി അവർ സംസാരിച്ചു. വേണമെങ്കിൽ പണം മൂന്നു വർഷത്തേക്കു ഫിക്സഡ് ഡെപ്പോസിററായി നിക്ഷേപിക്കാം. ആണ്ടിലൊരിക്കലാണ് വാങ്ങുന്നതെങ്കിൽ ഇരുപത്തിമൂന്നു ശതമാനംവരെ പലിശ കിട്ടും. പലിശ മാസംതോറും വാങ്ങാം. അപ്പോൾ പലിശനിരക്ക് അല്പം കുറയുമെന്നേയുള്ളു. വേണമെങ്കിൽ പണം 'ക്യുമുലേററീവ് ഡെപ്പോസിററ്' ആയും നിക്ഷേപിക്കാം. ഇതനുസരിച്ചു മൂന്നു വർഷം കഴിയുമ്പോഴേക്ക് നിക്ഷേപിച്ച പണം ഇരട്ടിയായി വർദ്ധിക്കും.

അയ്യായിരം രൂപ ക്യുമുലേററീവ് ഡെപ്പോസിററായി കൊടുക്കാൻ കൃഷ്ണപ്പണിക്കർ നിശ്ചയിച്ചു. മാസംതോറും പലിശ കിട്ടാവുന്ന വിധത്തിൽ, മൂന്നു വർഷത്തേക്ക് ഫിക്സഡ് ഡെപ്പോസിററായി രണ്ടു ലക്ഷം രൂപയും നിക്ഷേപിച്ചു. നിക്ഷേപങ്ങൾക്ക് ഭംഗിയായി അച്ചടിച്ചു പ്ലാസ്റ്റിക് കവറുകളിലിട്ട സർട്ടിഫിക്കററുകൾ കിട്ടി. വളരെ സന്തോഷിച്ചാണ് കൃഷ്ണപ്പണിക്കർ കമ്പനിയിൽനിന്നു പുറത്തിറങ്ങിയത്. നിക്ഷേപവിവരം കൃഷ്ണപ്പണിക്കർ മകളോടും മരുമകനോടും പറഞ്ഞു. മരുമകന് അക്കാര്യത്തിൽ പൂർണതൃപ്തിയില്ലെന്ന് കൃഷ്ണപ്പണിക്കർക്കു തോന്നി.

അടുത്ത മാസം നിശ്ചിതദിവസം കൃഷ്ണപ്പണിക്കർ കമ്പനിയിൽച്ചെന്ന് പലിശ ആവശ്യപ്പെട്ടു. കൗണ്ടറിലുള്ള ക്ലാർക്ക് അദ്ദേഹത്തോട് ഏതാനും ദിവസം കഴിഞ്ഞു വരാൻ പറഞ്ഞു. ഈ അവധിപറയൽ ആവർത്തിച്ചപ്പോൾ കൃഷ്ണപ്പണിക്കർക്ക് സംശയമായി. അദ്ദേഹം മാനേജരെ ചെന്നു കണ്ടു. ഡെപ്പോസിററർമാർക്കു പലിശ കൊടുക്കുന്നതു തല്ക്കാലത്തേക്കു ദില്ലി ഹൈക്കോടതി തടഞ്ഞുവെച്ചിരിക്കുകയാണെന്നും തടസ്സം നീങ്ങിയാലുടൻ വിവരം കൃഷ്ണപ്പണിക്കരെ അറിയിക്കുമെന്നും മാനേജർ പറഞ്ഞു.

കൃഷ്ണപ്പണിക്കർ പരിഭ്രമിച്ചു. കൂടുതൽ അന്വേഷിച്ചപ്പോൾ തന്നെപ്പോലെ അപകടത്തിലായ നിക്ഷേപകർ വേറെയുമുണ്ടെന്നു മനസ്സിലായി. ഇന്ത്യയിൽ പല നഗരങ്ങളിലും ശാഖകളുള്ളതാണ് ഈ ഫിനാൻസ് കമ്പനി. കമ്പനിയുടെ ചില ആളുകൾതന്നെയാണത്രെ ദൽഹി ഹൈക്കോടതിയിൽ ഒരു റിട്ട് ഹർജി സമർപ്പിച്ചതും മുതലും പലിശയും കൊടുക്കുന്നതിൽനിന്നു കമ്പനിയെ തല്ക്കാലത്തേക്കു തടയുന്ന ഒരു കല്പന വാങ്ങിയതും (1988 ഡിസംബർമുതൽ ബാംഗ്ളൂരിലെ 'സ്വർണ ഫിനാൻസ്' എന്ന കമ്പനിഇക്കഴിഞ്ഞ ജനുവരിയിൽ ദൽഹി ഹൈക്കോടതി നൽകിയ ഒരു വിധിയുടെ അടിസ്ഥാനത്തിൽ നിക്ഷേപകർക്കു മുതലോ പലിശയോ കൊടുത്തിട്ടില്ലെന്ന് 1989 ജൂലൈ 18–ലെ 'ഡെക്കാൻ ഹെറാൾഡ്' പത്രം രേഖപ്പെടുത്തിയിട്ടുണ്ട്).

ഫിനാൻസ് ആൻഡ് ഇൻവെസ്റ്റ്മെൻറ് കമ്പനികൾക്ക് 'ബ്ളെയഡ്' എന്ന അർത്ഥപുഷ്ടമായ പേര് നൽകിയത് കേരളീയരാണ്. ഈ പേരിന് ഇപ്പോൾ കേരളത്തിനു പുറത്തും പ്രചാരം കൈവന്നിട്ടുണ്ട്. കമ്പനീസ് ആക്ട് അനുസരിച്ച് രജിസ്റ്റർചെയ്തവയും രജിസ്റ്റർചെയ്യാത്തവയുമായി രണ്ടുതരം ബ്ളെയ്ഡ് കമ്പനികളുണ്ട്. രജിസ്റ്റർചെയ്ത കമ്പനികൾക്കു റിസർവ് ബാങ്ക് ആക്ടിലെ III ബി–എന്ന അദ്ധ്യായത്തിലെ നിയമങ്ങൾ ബാധകങ്ങളാണ്. തങ്ങൾ ശേഖരിച്ച നിക്ഷേപങ്ങളിലൊരു നിശ്ചിതഭാഗം ഈ സ്ഥാപനങ്ങൾ പൊതുമേഖലാ ബാങ്കുകളിൽ നിക്ഷേപിക്കണം; തങ്ങളുടെ വരവുചെലവു കണക്കുകൾ നിശ്ചിതകാലങ്ങളിൽ റിസർവ് ബാങ്കിനു സമർപ്പിക്കുകയും വേണം. അതിനാൽ അവയിലെ നിക്ഷേപകർ കുറെയെങ്കിലും സുരക്ഷിതരാണ്.

രജിസ്റ്റർചെയ്യാത്ത ഫിനാൻസ് കമ്പനികളാണു ശരിയായ 'ബ്ലെയ്ഡു'കൾ. റിസർവ് ബാങ്ക് ആക്ടിലെ III സി എന്ന അദ്ധ്യായത്തിലെ നിയമങ്ങളാണ് ഇവയ്ക്കു ബാധകമാകുക. ഈ നിയമങ്ങളിൽ പഴുതുകൾ ഏറെയാണ്. അപൂർണങ്ങളായ ഈ നിയമങ്ങൾതന്നെ നടപ്പിൽ വരുത്താനുള്ള സംവിധാനം റിസർവ് ബാങ്കിനില്ല. അവരുടെ കീഴിൽ പോലീസ് ഇല്ലല്ലോ. അതാതു സം

സ്ഥാനഗവണ്മെൻറുകളുടെ പൂർണസഹകരണമില്ലാതെ ഇത്തരം കമ്പനികൾക്കെതിരെ ഒരു നടപടിയും എടുക്കാൻ റിസർവ് ബാങ്കിനു സാദ്ധ്യമല്ല.

റിസർവ് ബാങ്ക് ആക്ടിലെ III സി അദ്ധ്യായത്തിലെ വ്യവസ്ഥകൾ അനുസരിച്ച് കൂട്ടപങ്കാളിത്തത്തിൽ (പാർട്ണർഷിപ്പ്) നടത്തുന്ന ഒരു ഫിനാൻസ് കമ്പനിക്ക് ഓരോ പങ്കാളിക്കും ഇരുപത്തഞ്ച് എന്ന തോതിൽ ഇരുനൂററമ്പതുവരെ ഡെപ്പോസിററുകൾ സ്വീകരിക്കാം. ഇത്തരം കമ്പനികൾ ഇപ്പോൾ ചെയ്യുന്നത്, ഓരോ ശാഖയും വെവ്വേറെ ഓരോ പാർട്ണർഷിപ്പിൻെറ ഉടമയിലാക്കുകയാണ്. ഒരേ പാർട്ണർതന്നെ പല ശാഖകളിലും പാർട്ണർ ആയിരിക്കുകയുംചെയ്യും. അങ്ങനെ നിയമവിധേയമായിത്തന്നെ ഓരോ ശാഖയിലും വെവ്വേറെ ഇരുനൂററമ്പതുവരെ ഡെപ്പോസിററുകൾ ശേഖരിക്കാൻ ഈ കമ്പനികൾക്കു കഴിയുന്നു. നിയമം ലംഘിച്ചു ശേഖരിക്കുന്ന ഡെപ്പോസിററുകൾ ഇതിനു പുറമേയാണ്.

റിസർവ് ബാങ്ക് ചുമത്തുന്ന പരിമിതങ്ങളായ നിയന്ത്രണങ്ങൾപോലും അനുസരിക്കാൻ ഫിനാൻസ് കമ്പനികൾ തയ്യാറല്ല. റിസർവ് ബാങ്ക് ആക്ടിലെ III സി അദ്ധ്യായത്തിലെ വ്യവസ്ഥകൾക്കെതിരായി ഫിനാൻസ് കമ്പനികൾക്കുവേണ്ടി ഫയൽചെയ്ത നൂറിലേറെ ഹർജികൾ ഇന്ത്യയിലെ പല ഹൈക്കോടതികളിൽ നിലവിലുണ്ടത്രെ.

ഒരു ബ്ലെയ്ഡ്കമ്പനി തങ്ങളെ വഞ്ചിച്ചതായി ബോദ്ധ്യം വന്നാൽ ആർക്കും പോലീസിൽ പരാതി കൊടുക്കാം. ക്രിമിനൽ പ്രൊസീജിയർ കോഡിലെ 420—ാം വകുപ്പനുസരിച്ച് പോലീസ് ബ്ലെയ്ഡ് കമ്പനിയുടമകളുടെ പേരിൽ കേസ്സെടുക്കുകയുംചെയ്യും. പക്ഷേ, നിക്ഷേപിച്ച പണം എവിടെനിന്നു കിട്ടിയെന്നു പുറത്തു പറയാൻ നിർവാഹമില്ലെങ്കിൽ വഞ്ചിതരായ നിക്ഷേപകർ പോലീസിനെ സമീപിക്കാൻ ധൈര്യപ്പെടുകയില്ല. ഇരുട്ടത്തു കിട്ടിയ അടി ചെകിട്ടത്ത് എന്നു വയ്ക്കുകയേ അവർക്കു നിർവാഹമുള്ളു. നമ്മുടെ കൃഷ്ണപ്പണിക്കർ ഇക്കൂട്ടത്തിൽപ്പെടുന്നു.

ബ്ളെയ്ഡ് കമ്പനികൾക്കെതിരെ 1987 മെയ് മാസത്തിൽ കേരള ഗവൺമെൻറ് കൈക്കൊണ്ട നടപടികൾ പരക്കെ പ്രശംസിക്കപ്പെട്ടിട്ടുണ്ട്. ഒരു ഓഡിനൻസിലൂടെ 1958—ലെ പണമിടപാടുനിയമത്തിൽ (മണി ലെൻഡേഴ്സ് ആക്ട്) ചില ഭേദഗതികൾ വരുത്തുകയാണ് അന്ന് കേരള ഗവൺമെൻറ് ചെയ്തത്. വഞ്ചന നടത്തിയതായി ആരോപിക്കപ്പെടുന്ന ബ്ളെയ്ഡ് കമ്പനികളിൽ പരിശോധന നടത്താനും കമ്പനിയുടമകളെ അറസ്റ്റ്ചെയ്യാനും ഈ ഭേദഗതികൾ സർക്കാരിന് അധികാരം നൽകി. ബ്ളെയ്ഡ് കമ്പനികളുടെ നിയമവിരുദ്ധപ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിൽ റിസർവ് ബാങ്കിനു പൂർണമായ പിൻതുണ കേരള സർക്കാർ വാഗ്ദാനംചെയ്തു. ഇതിൻഫലമായി ബ്ളെയ്ഡ് ശല്യം കേരളത്തിൽ വളരെ കുറഞ്ഞു. കേരളത്തിലെ പല ബ്ളെയ്ഡ് കമ്പനികളും ഇവിടത്തെ പ്രവർത്തനം അവസാനിപ്പിച്ചു മററു സംസ്ഥാനങ്ങളിലേക്കു കുടിയേറി. 1987—ൽ കേരളത്തിൽ പന്തീരായിരത്തിലേറെ ബ്ളെയ്ഡ് കമ്പനികൾ ഉണ്ടായിരുന്നു. ഇവയിൽ നാലായിരത്തി ഇരുനൂറെണ്ണം തൃശ്ശൂർനഗരത്തിലായിരുന്നുവത്രെ. ഇപ്പോൾ കേരളത്തിൽ അയ്യായിരത്തോളം ബ്ളെയ്ഡ് കമ്പനികൾ മാത്രമേ പ്രവർത്തിച്ചുവരുന്നുള്ളു എന്നറിയുന്നു. 1987—ൽ ആയിരം കോടി രൂപയോളം കേരളത്തിലെ ബ്ലെയ്ഡ്കമ്പനികളിൽ നിക്ഷേപിക്കപ്പെട്ടിരുന്നതു് ഇപ്പോൾ മൂന്നിലൊന്നായി കുറഞ്ഞിട്ടുണ്ടെന്നും പറയപ്പെടുന്നു. ഇതൊക്കെ ഊഹമാണ്. ശരിയായ വിവരം ആർക്കും അറിഞ്ഞുകൂടാ—അറിയാൻ സാദ്ധ്യവുമല്ല. അതേതായാലും റിസർവ് ബാങ്കിൻെറ ഫിനാൻസ് കമ്പനീസ് ഡിപ്പാർട്ട്മെൻറ് (ഡി. എഫ്. സി.) ഇപ്പോൾ കേരളത്തിലെ പത്തു ബ്ലെയ്ഡ് കമ്പനികൾക്കെതിരെ കേസ്സെടുത്തിട്ടുണ്ട്.

എന്തായാലെന്തു്? കള്ളപ്പണമുള്ളവർ അതു നിക്ഷേപിക്കാൻ ബ്ളെയ്ഡ് കമ്പനികളെ ആശ്രയിക്കാതിരിക്കയില്ല. അതിലാഭം മോഹിച്ച് സാധുക്കളും

അവയുടെ കെണിയിൽപ്പെട്ടുപോകുന്നു എന്നതാണു കഷ്ടം. 1932–ലെ കൂട്ടുപങ്കാളിത്തനിയമത്തിലെ (പാർട്ട്ണർ ഷിപ്പ് ആക്ട്) വ്യവസ്ഥകൾ ബ്ലെയ്ഡ് കമ്പനികൾക്ക വലിയ തോതിൽ സംരക്ഷണം നല്കുകയുംചെയ്യുന്നു.

ബ്ലെയ്ഡ്കമ്പനികളെപ്പററി 1987 ജൂലൈയിൽ ഞാൻ എഴുതിയിരുന്നു. ബാംഗ്ളൂരിലെ രണ്ടു വലിയ ബ്ലെയ്ഡ് കമ്പനികൾക്കെതിരെ കർണാടക ഗവൺമെൻറ് ഈയിടെ കൈക്കൊണ്ട നടപടികളാണ് ഈ വിഷയത്തെപ്പററി ഒരിക്കൽക്കൂടി എഴുതാൻ എന്നെ പ്രേരിപ്പിച്ചത്. തങ്ങളുടെ നിക്ഷേപങ്ങൾ ബ്ലെയ്ഡ് കമ്പനികളിൽ സുരക്ഷിതങ്ങളല്ലെന്ന് അല്പസമ്പാദ്യക്കാരെങ്കിലും അറിഞ്ഞിരിക്കുന്നതു നന്ന്.

22 ജൂലൈ, 1989

# 71. ഈ മിടുക്കികൾ ഒക്കെ എവിടെപ്പോകുന്നു?

കുറെ വർഷങ്ങളായി കേരളത്തിലെ സർവകലാശാലകളിലെ പരീക്ഷാഫലങ്ങൾ പ്രസിദ്ധീകരിക്കുമ്പോഴെല്ലാം ആവർത്തിക്കപ്പെടാറുള്ള ഒരു വസ്തുതയുണ്ട്: റാങ്കുകൾ അധികവും ആൺകുട്ടികൾക്കല്ല, പെൺകുട്ടികൾക്കാണ്! പരീക്ഷാഫലവാർത്തകളോടൊപ്പം പത്രങ്ങളിൽ ചിരിച്ചുകൊണ്ടു നിൽക്കുന്ന കൊച്ചുമിടുക്കികളുടെ മനോഹരങ്ങളായ ചിത്രങ്ങളുണ്ടാവും. വാർത്താലേഖകരുമായി നടത്തുന്ന ഹ്രസ്വങ്ങളായ അഭിമുഖസംഭാഷണങ്ങളിൽ ഈ പെൺകിടാങ്ങൾ തങ്ങളുടെ ജീവിതാഭിലാഷങ്ങൾ ആവിഷ്കരിക്കാറുമുണ്ട്. കൂടുതൽ പഠിച്ച് കൂടുതൽ വിജയങ്ങൾ നേടി നല്ല ജോലികളിൽ പ്രവേശിച്ച് സമ്പന്നവും സമൂഹത്തിനു പ്രയോജനകരവുമായ ജീവിതം നയിക്കുന്നതിനുള്ള ആഗ്രഹം അവരാരും മറച്ചുവയ്ക്കാറില്ല.

അസൂയാവഹമായ പ്രതിഭാവിലാസംകൊണ്ട് അനുഗൃഹീതരായ ഈ പെൺകുട്ടികൾ ഏതാനും വർഷങ്ങൾക്കകം എവിടെപ്പോയി ഒളിക്കുന്നു? രാഷ്ട്രജീവിതത്തിന്റെ ദിശാനിർണയംചെയ്യുന്ന മർമപ്രധാനങ്ങളായ സ്ഥാനങ്ങളിൽ അവരിൽ എത്രപേർ എത്തിച്ചേരുന്നുണ്ട്? രാഷ്ട്രീയപ്പാർട്ടികളുടെ നേതൃപദവികളിൽ, പാർലമെൻറിൽ, നിയമസഭകളിൽ വളരെ അപൂർവമായി മാത്രമേ അവരെ നാം കാണുന്നുള്ളു. വ്യവസായസ്ഥാപനങ്ങളുടെ തലപ്പത്ത് പോയിട്ട് ഇടവിതാനത്തിൽപോലും ശോഭിക്കുന്ന സ്ത്രീകൾ ഇന്ത്യയിൽ എത്രയുണ്ട്? സമൂഹത്തിനു ബുദ്ധിപരമായ നേതൃത്വം നൽകേണ്ട പ്രൊഫെഷനുകളിലും വളരെ കുറച്ചു ഭാരതീയ വനിതകൾ മാത്രമേ വിജയം നേടുന്നുള്ളു.

പുരുഷന്മാരെക്കാൾ കൂടുതലായിട്ടല്ലെങ്കിൽ അവരോടൊപ്പമെങ്കിലും തങ്ങളുടെ വ്യക്തിത്വത്തെ വികസിപ്പിക്കുന്നതിൽനിന്ന് സ്ത്രീകളെ തടയുന്ന ഏതോ ഒരു ശാപം ഭാരതീയസമൂഹത്തിൽ ഇന്നും നിലനിൽക്കുന്നുണ്ടെന്നാണു കരുതേണ്ടത്. സരോജിനിനായിഡുവിനെയും ഇന്ദിരാഗാന്ധിയെയും മദർ തെരീസയെയുംപോലുള്ള വ്യക്തികളെ വിസ്മരിച്ചുകൊണ്ടല്ല ഇതു പറയുന്നത്. അത്തരക്കാർ അപവാദങ്ങൾ മാത്രമാണ്. സാമാന്യനിയമപ്രകാരം ഇന്ത്യൻ സ്ത്രീക്കു വിധിക്കപ്പെട്ടിട്ടുള്ളത് ശരാശരിയിൽ താഴെ വളർച്ചയുള്ള വ്യക്തിത്വം മാത്രമാകുന്നു.

പിതാ രക്ഷതി കൗമാരേ ഭർത്താ രക്ഷതി യൗവനേ
പുത്രോ രക്ഷതി വാർദ്ധക്യേ ന സ്ത്രീ സ്വാതന്ത്ര്യമർഹതി

എന്ന മനുവിന്റെ സ്ത്രീത്വാദർശത്തിന് സ്വതന്ത്രഭാരത സമൂഹത്തിൽ വലിയ വ്യതിയാനമൊന്നും സംഭവിച്ചിട്ടില്ല.

1981–ൽ ജനഗണന നടത്തുമ്പോൾ ഇന്ത്യയിൽ മുപ്പത്തിമൂന്നു കോടിയോളം സ്ത്രീകളുണ്ടായിരുന്നു (ഇപ്പോൾ ഇന്ത്യൻ സ്ത്രീകളുടെ സംഖ്യ നാല്പത്തഞ്ചുകോടി